പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.686

01.12.2015 ൽ മറുപടിയ്ക്ക്

## യുവജനക്ഷേമ പദ്ധതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. എം. ഹംസ** | | **ശ്രീമതി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്തെ യുവജനക്ഷേമത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദീകരിക്കാമോ;<br>ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ ജില്ലയിലും നടപ്പിലാക്കിയ യുവജനക്ഷേമ പദ്ധതികൾ എന്തെന്ന് വ്യക്തമാക്കുമോ; | എ) യും ബി) യും | സംസ്ഥാനത്തെ യുവജനക്ഷേമത്തിനായി കേരള സർക്കാർ യുവജനനയം പ്രഖ്യാപിച്ചിട്ടുണ്ട്. കേരളോത്സവം, ഗോത്രായനം, ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ, ദേശീയോദ്ഗ്രഥന ക്യാമ്പ്, ജോബ് ഫെസ്റ്റ്, അക്ഷരയുവത്വം, യുവ മാധ്യമ പ്രവർത്തക ക്യാമ്പ്, ഇന്റർ നാഷണൽ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം, ചലച്ചിത്ര ക്യാമ്പ്, യൂത്ത് എക്സിബിഷൻ, സാഹസിക പ്രവർത്തനങ്ങൾ, വനിതാശിൽപശാല, ഡി.റ്റി.പി/പി.എസ്.സി. ഓൺലൈൻ പരിശീലനം, പരിസ്ഥിതി ദിനാചരണം, പേപ്പർബാഗ് നിർമ്മാണ പരിശീലനം, നാടിക, യുവജനദിനാചരണം, സംരംഭകത്വ പരിശീലനം, സാഹസിക ഫോട്ടോഗ്രാഫി അവാർഡ്, യൂത്ത് അവാർഡ്, സ്ത്രീ സുരക്ഷാ പരിശീലനം, നാടൻ കലാമേള, കളരിപ്പയറ്റ് പഠനം, സ്വയംതൊഴിൽ ബോധവൽക്കരണ ക്യാമ്പയിനുകൾ, ക്യാമ്പസ് ലീഡേഴ്സ് ക്യാമ്പ്, പ്രീ-ഡിപ്പാർച്ചർ ഓറിയെന്റേഷൻ പ്രോഗ്രാം, വ്യക്തിത്വ വികസന പരിശീലന ക്യാമ്പ്, ഇശൽ പെരുമ, ഗോത്രവർഗ്ഗ യുവതികൾക്കായുള്ള ശിൽപ്പശാല, സിവിൽ സർവ്വീസ് ഓറിയെന്റേഷൻ പ്രോഗ്രാം, ചിത്രസൂത്ര (ചിത്ര രചനാ ക്യാമ്പ്), യൂത്ത് ലീഡർഷിപ്പ് ക്യാമ്പ്, സകർമ്മ, സ്പോർട്സ് കിറ്റ്, ജീവദായിനി (സൗജന്യ രക്തദാന പദ്ധതി) തുടങ്ങിയ യുവജനക്ഷേമ പ്രവർത്തനങ്ങളാണ് കേരള സംസ്ഥാന യുവജനക്ഷേമബോർഡ് നടപ്പിലാക്കി വരുന്നത്. |

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം യുവജനക്ഷേമ പദ്ധതികളുടെ ഭാഗമായി എല്ലാ ജില്ലകളിലും സംരംഭകത്വ വികസന പദ്ധതി, സ്പോർട്സ് കിറ്റ് വിതരണം, ഡി.റ്റി.പി പരിശീലനം, യുവജന ക്ലബ്ബുകൾക്കുള്ള സ്വയംതൊഴിൽ, ബോധവൽക്കരണം, കാർഷിക പദ്ധതികൾക്കുള്ള ധനസഹായം, വ്യക്തിത്വ വികസന ക്യാമ്പ്, സിവിൽ സർവ്വീസ് ഓറിയന്റേഷൻ പ്രോഗ്രാം, ഡി.റ്റി.പി ഓൺലൈൻ പരിശീലനം, പരിസ്ഥിതി ദിനാചരണം, നാടിക (നാടക പഠന കളരി) തുടങ്ങിയ പദ്ധതികൾ എല്ലാ ജില്ലകളിലും സംഘടിപ്പിച്ചിട്ടുണ്ട്. ഇതു കൂടാതെ സംസ്ഥാന തലത്തിൽ ഗോത്രതാളം (ഗോത്രകലാമേള), മാധ്യമ ക്യാമ്പ്, വനിതാ ക്യാമ്പ്, സാഹിത്യ ക്യാമ്പ്, സാഹസിക പ്രവർത്തനങ്ങൾ,പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം ,ഇശൽ പെരുമ, ഗോത്രവർഗ്ഗ യുവതികൾക്കായുള്ള ശിൽപ്പശാല, ചിത്രസൂത്ര, യൂത്ത് ലീഡർഷിപ്പ് ക്യാമ്പ്, നാടൻകലാ പരിശീലനം, നാഷണൽ ഇന്റഗ്രേഷൻ ക്യാമ്പ് തുടങ്ങിയ പരിപാടികൾ സംസ്ഥാനതലത്തിൽ ഓരോ ജില്ലകളിലും വച്ച് സംഘടിപ്പിച്ചിട്ടുണ്ട്.

യുവജനകമ്മീഷന്റെ രൂപീകരണത്തെത്തുടർന്ന് 2014-15 മുതൽ മദ്യം-മയക്കമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയ്ക്കെതിരേയും റോഡ് സുരക്ഷ, മാനസികാരോഗ്യം എന്നിവ സംബന്ധിച്ചും യുവാക്കൾക്കിടയിൽ ബോധവത്ക്കരണ പ്രവർത്തനങ്ങൾ, സെമിനാറുകൾ എന്നിവ എല്ലാ ജില്ലകളിലും നടത്തിവരുന്നുണ്ട്. കല/സംസ്കാരം, സാഹിത്യം, കൃഷി, സാമൂഹ്യ സേവനം, വ്യവസായം/സാങ്കേതികവിദ്യ, കായികം തുടങ്ങിയ മേഖലകളിൽ ഉന്നതമായ നേട്ടങ്ങൾ കൈവരിച്ച യുവാക്കളെ ആദരിക്കുന്നതിനായി യൂത്ത് ഐക്കൺ അവാർഡ് നൽകുന്ന പദ്ധതി നടപ്പാക്കി വരുന്നുണ്ട്.

| | |
|---|---|
| സി) പട്ടികവർഗ്ഗ, പട്ടിക ജാതി മറ്റു പിന്നോക്ക സമുദായ യുവജനങ്ങൾക്കായി എന്തെല്ലാം പ്രത്യേക പദ്ധതികൾ ആണ് നടപ്പിലാക്കിയത്; | സി) കേരളത്തിലെ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ജനങ്ങൾക്ക് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലുള്ള ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുവാനും, വിവിധ ഭാഷാ സംസ്കാരങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനും വേണ്ടി പട്ടിക വർഗ്ഗ ഭാരതദർശൻ യാത്ര സംഘടിപ്പിച്ചു. |

ഗോത്രവർഗ്ഗ തനത് സാംസ്കാരിക മൂല്യങ്ങളെയും, വ്യത്യസ്തമായ ആചാരാനുഷ്ഠാന വിശ്വാസങ്ങളെയും തനത് കലകളെയും പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ഗോത്രവർഗ്ഗ കലാമേള സംഘടിപ്പിച്ച് വരുന്നു. വിവിധ സംസ്ഥാനങ്ങളിലെ ഗോത്രവർഗ്ഗ കലകളുടെ അവതരണം, എക്സിബിഷൻ, സെമിനാറുകൾ, സാഹസിക പരിപാടികൾ, ഭക്ഷ്യമേള, ഫ്ളവർ ഷോ, മാധ്യമ സെമിനാർ, ആദരണീയം, ചലച്ചിത്രോത്സവം, മെഗാ ഷോ, എന്നിവ ഇവയുടെ ഭാഗമായി സംഘടിപ്പിച്ചു. രാജസ്ഥാൻ, തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നിന്നും 100 ഓളം ആദിവാസി ഗോത്രവർഗ്ഗ യുവജനങ്ങളും, കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നുമുള്ള ആദിവാസി വിഭാഗങ്ങളിൽപ്പെട്ട 500 ഓളം യുവജനങ്ങളും മാനന്തവാടിയിൽ വച്ച് നടന്ന മേളയിൽ വിവിധ സംസ്ഥാനങ്ങളിലെ ആദിവാസി തനത് കലാ രൂപങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. നാടൻകലാ രൂപങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും പുതുതലമുറയ്ക്ക് പരിചയപ്പെടുത്തുന്നതിനുമായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് സംഘടിപ്പിക്കുന്ന പരിപാടിയാണ് നാടൻ കലാമേള. നാടൻ കലകളുടെ അവതരണം, പരിശീലനം, സെമിനാറുകൾ, ചർച്ചകൾ ,സംവാദങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴ ജില്ലയിലെ ബുധനൂർ കീർത്തന ആഡിറ്റോറിയത്തിൽ വച്ച് സംഘടിപ്പിച്ച 'കാപ്പൊലി 'പരിപാടിയിൽ നാടൻകലാമേള സംഘടിപ്പിക്കുകയും ചെയ്തു.

യുവജന കമ്മീഷൻ പട്ടികജാതി പട്ടികവർഗ്ഗ മറ്റു പിന്നോക്ക വിഭാഗങ്ങളുടെ അവകാശങ്ങളെക്കുറിച്ചും അവർക്ക് സർക്കാർ നൽകുന്ന സേവനങ്ങളെക്കുറിച്ചും ബോധവത്ക്കരിക്കുന്ന പരിപാടികൾ ജില്ലകളിൽ നടപ്പിലാക്കി വരുന്നുണ്ട്.

ഡി) 01.07.2006 മുതൽ 31.10.2015 വരെയുള്ള കാലയളവിൽ യുവജന ക്ഷേമത്തിനായി എത്ര തുക ചെലവഴിച്ചു എന്നത് വാർഷികാടിസ്ഥാനത്തിൽവ്യക്തമാക്കാമോ?

01.07.2006 മുതൽ 31.10.2015 വരെയുള്ള കാലയളവിൽ യുവജനക്ഷേമത്തിനായി യുവജന ബോർഡും യുവജനകമ്മീഷനും ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

**കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്.**

| വർഷം | ചെലവഴിച്ചതുക (ലക്ഷം) |
|---|---|
| 2006-07 | 290 |
| 2007-08 | 314 |
| 2008-09 | 500 |
| 2009-10 | 420 |
| 2010-11 | 800 |
| 2011-12 | 697.19 |
| 2012-13 | 1036.05 |
| 2013-14 | 1283.63 |
| 2014-15 | 1402.79 |
| 2015-16 | 500.00 (ഒക്ടോബർ വരെ) |

**കേരള സംസ്ഥാനയുവജനകമ്മീഷൻ**

| വർഷം | ചെലവഴിച്ച തുക (ലക്ഷം) |
|---|---|
| 2014-15 | 31.15 |
| 2015-16 | 3.64 |

(signature)
സെക്ഷൻ ഓഫീസർ